മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 21

# വാർത്താക്കുറിപ്പ്

---

## വനമിത്ര പുരസ്കാരം എം.ജി. സർവ്വകലാശാലക്ക്

അന്താരാഷ്ട്ര വനദിനാഘോഷ പരിപാടികളുടെ ഭാഗമായി സംസ്ഥാന വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള 2021 ലെ ജില്ലാ തല വനമിത്ര പുരസ്കാരം മഹാത്മാഗാന്ധി സർവ്വകലാശാലക്ക്. ഇന്ന് (മാർച്ച് 22) രാവിലെ 10.30 ന് കോട്ടയം ദർശന ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ വനം-വന്യ ജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രനിൽ നിന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പുരസ്കാരം ഏറ്റുവാങ്ങും.

വൃക്ഷങ്ങളുടെ സംരക്ഷണത്തിനും ജൈവ വൈവിധ്യ സംരക്ഷണത്തിനും എടുത്തിട്ടുള്ള നടപടികൾ കണക്കിലെടുത്താണ് പുരസ്കാരത്തിനായി സർവ്വകലാശാലയെ തെരഞ്ഞെടുത്തിട്ടുള്ളത്. ഫലകവും സർട്ടിഫിക്കറ്റും 2500 രൂപയുടെ ക്യാഷ് അവാർഡും അടങ്ങുന്നതാണ് പുരസ്കാരം. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., തോമസ് ചാഴികാടൻ എം.പി., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി, ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

(പി.ആർ.ഒ./39/337/2022)

## പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളോടനുബന്ധിച്ച് കൗൺസലിംഗ് സേവനകേന്ദ്രങ്ങൾ ആരംഭിക്കണം

സംസ്ഥാനത്തെ ആരോഗ്യവകുപ്പിന് കീഴിലുള്ള മുഴുവൻ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളോടനുബന്ധിച്ചും പൊതുജനങ്ങൾക്ക് കൗൺസലിംഗ് സേവനം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ചേർന്ന കൗൺസിലേഴ്സ് മീറ്റ് ആവശ്യപ്പെട്ടു. സർവ്വകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസും (ഐ.ആർ.എൽ.ഡി.) ഇന്ത്യൻ കൗൺസിലേഴ്സ് അസോസിയേഷനും (ഐ.സി.എ.) സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

പുതുതായി കൗൺലിംഗിൽ പ്രത്യേക പരിശീലനം നേടിയവർക്കുള്ള ഓറിയന്റേഷൻ കോഴ്സും മീറ്റിന്റെ ഭാഗമായി നടന്നു. കേരളത്തിൽ മാനസിക പ്രശ്നങ്ങളും മാനസിക സംഘർഷങ്ങളും വർദ്ധിച്ച് വരുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നതായി ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ പ്രൊഫ. രാജീവ് കുമാർ അഭിപ്രായപ്പെട്ടു. ഇത്തരം പ്രശ്നങ്ങൾ നേരിടുന്നവർക്ക് എളുപ്പത്തിൽ കൗൺസലിംഗ് സേവനം ലഭിക്കുന്നതിന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് കൗൺസലിംഗ് സെന്ററുകൾ അരംഭിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഡിപ്പാർട്ടമെന്റ് മേധാവി ഡോ. ബാബുരാജ് പരിപാടി ഉദ്ഘാടനം ചെയ്തു. ഐ.ആർ.എൽ.ഡി. ഓണററി ഡയറക്ടർ ഡോ.കെ.എം. മുസ്തഫ അധ്യാക്ഷത വഹിച്ചു. കൗൺസലേഴ്സിനുള്ള തിരിച്ചറിയൽ തിരിച്ചറിയൽ കാർഡ് ഐ.സി.എ. പ്രതിനിധി റഫീന

(പി.ആർ.ഒ./39/338/2022)

## പരീക്ഷ മാറ്റി

ഏപ്രിൽ എട്ടിന് ആരംഭിക്കാനിരുന്ന മൂന്നാം വർഷ മെഡിക്കൽ മൈക്രോബയോളജി (2008-2014 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകൾ മാറ്റി വെച്ചു. പുതുക്കിയ വിജ്ഞാപനം പിന്നീട് പുറപ്പെടുവിക്കും.

(പി.ആർ.ഒ./39/339/2022)

## പരീക്ഷാ ഫലം

2021 ഒക്ടോബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ഡോക്യുമെന്റേഷൻ (നോൺ-സിഎസ്.എസ്. - റെഗുലർ / സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. സൂക്ഷ്മപരിശോധനക്കുള്ള അപേക്ഷ 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം മാർച്ച് 30 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിച്ചിരിക്കണം.

(പി.ആർ.ഒ./39/340/2022)

2021 സെപ്റ്റംബറിൽ നടന്ന മഹാത്മാഗാന്ധി സർവ്വകലശാലയുടെ കീഴിലുള്ള അംഗീകൃത ഗവേഷണ കേന്ദ്രങ്ങളുടെ പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയുടെ (റെഗുലർ / സപ്ലിമെന്ററി) ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ യഥാക്രമം 2,100 രൂപ, 525 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ നാല്. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/341/2022)

2021 ഒക്ടോബറിൽ നടന്ന ആറാം സെമസ്റ്റർ ഐ.എം.സി.എ. (2017 അഡ്മിഷൻ - റെഗുലർ), ഡി.ഡി.എം.സി.എ (2014-2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ നാല്.

(പി.ആർ.ഒ./39/342/2022)

2021 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (റെഗുലർ / സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. സൂക്ഷ്മപരിശോധനക്കുള്ള അപേക്ഷ 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ നാല്.

(പി.ആർ.ഒ./39/343/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ